**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2139 11.06.2018-ൽ മറുപടിക്ക്**

വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്

| ചോദ്യം | മറുപടി |
|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | **കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നത് സംബന്ധിച്ച് ആരോഗ്യ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) & (ബി) | വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിന് ആലപ്പുഴ മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള സ്ഥലം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയ്ക്ക് കൈമാറുകയും ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു. അതിനോടൊപ്പം വൈറോളജി പ്രവർത്തനങ്ങൾ തുടങ്ങുന്നതിന് വേണ്ടി ആലപ്പുഴ മെഡിക്കൽ കോളേജിൽ ഒരു പ്രത്യേക വിഭാഗത്തെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയ്ക്ക് കൈമാറിയിട്ടുണ്ട്. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലും, കോഴിക്കോട് മെഡിക്കൽ കോളേജിലും, റീജിയണൽ വൈറോളജി ലാബുകൾ തുടങ്ങാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (ബി) | ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എന്നത്തേയ്ക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ; | | |
| (സി) | വൈറസ് മൂലം ഉണ്ടാകുന്ന രോഗങ്ങൾക്ക് മരുന്നുകൾ കണ്ടെത്തുന്നതിന് സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ; ഇതിനായി പ്രത്യേക ഗവേഷണ വിഭാഗം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | കോഴിക്കോട് ജില്ലയിൽ ബാധിച്ച നിപ വൈറസ് രോഗബാധ പ്രതിരോധ പ്രവർത്തനത്തിനായി ഹൈദരാബാദിൽ നിന്നുള്ള ഹെറ്ററോ കമ്പനിയിൽ നിന്നും 20,000 എണ്ണം റിബാവെറിൻ ഗുളികകൾ വാങ്ങി വിതരണം ചെയ്യുകയുണ്ടായി. |

**സെക്ഷൻ ഓഫീസർ**